എസ്സ്.സി-4/14140/2015

ചീഫ്എഞ്ചിനീയറുടെകാര്യാലയം,
പൊതുമരാമത്ത്വകുപ്പ്,
ഭരണവിഭാഗം, തിരുവനന്തപുരം
തീയതി: 19/08/2015

## നോട്ടീസ്

വിഷയം:- ജീവനക്കാര്യം- പൊ.മ.വ- മൂന്നാംഗ്രേഡ് ഓവർസിയർമാരെ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച്-

സൂചന:-
1. 7/11/12 ലെ ഉത്തരവ് നമ്പർ എസ്സ്.സി 4-18334/06.
2. മൂന്നാംഗ്രേഡ് ഓവർസിയർ ശ്രീ.എച്ച്.ബൈജുവിന്റെ 01/07/15 ലെ നിവേദനം.
3. മൂന്നാംഗ്രേഡ് ഓവർസിയർ ശ്രീ. എം. അബ്ദുൾ ഹക്കീമിന്റെ 07/07/15 ലെ നിവേദനം.
4. കത്ത് നമ്പർ 4/223/97 തീയതി 10/07/2015.

സൂചനകൾ 3, 4, 5 പ്രകാരം മൂന്നാംഗ്രേഡ് ഓവർസിയർമാരായ ശ്രീ. വി എസ്സ് ഉണ്ണികൃഷ്ണൻ, ശ്രീ. എച്ച് ബൈജു, ശ്രീ. എം അബ്ദുൾ ഹക്കീം എന്നിവർ, ടിയാർകളെ സൂചന (1) പ്രകാരം പ്രസിദ്ധീകരിച്ച മൂന്നാംഗ്രേഡ് ഓവർസിയർമാരുടെ 01/04/1990 മുതൽ 31/12/2007 വരെയുള്ള അന്തിമസീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിലേയ്ക്കായി അപേക്ഷിച്ചിട്ടുള്ളതും, ആയതിന്റെ സാധൂകരണത്തിനായി നിയമന ഉത്തരവ്, സേവനപുസ്തകം എന്നിവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ ലഭ്യമാക്കിയിട്ടുള്ളതുമാകുന്നു

. ടി ഓവർസിയർമാരിൽ ശ്രീ. വി. എസ്സ് ഉണ്ണികൃഷ്ണൻ 25/07/1996 ലെ സർക്കാർ ഉത്തരവ് നമ്പർ എം.എസ്സ്/90/96/പി.ഡബ്ല്യൂ&റ്റി പ്രകാരം ആശ്രിത നിയമനം വഴി, പൊതുമരാമത്തുവകുപ്പ്, ഭരണവിഭാഗം ചീഫ് എഞ്ചിനീയറുടെ 03/09/1996-ലെ ഉത്തരവ് നമ്പർ ഇബി5/35810/96 പ്രകാരം മൂന്നാംഗ്രേഡ് ഓവർസിയറായി 13/09/1996 ൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ളതുമാകുന്നു.

ശ്രീ. എച്ച്. ബൈജു, ശ്രീ. എം. അബ്ദുൾ ഹക്കീം എന്നിവർ കേരളാ പബ്ലിക് സർവ്വീസ് കമ്മീഷന്റെ യഥാക്രമം 09/11/2001, 31/03/2003 എന്നീ തീയതികളിലെ നിയമന നിർദ്ദേശ നമ്പർ RIA(3)/25525/01/GW- ൽ ഉൾപ്പെട്ടിട്ടുള്ളതും, യഥാക്രമം 08/07/2002, 06/09/2003 എന്നീ തീയതികളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ളതുമാകുന്നു.

ടി വിവരങ്ങളുടെ അടിസ്ഥാനത്തിൽ മൂന്നാംഗ്രേഡ് ഓവർസിയർമാരായ ശ്രീ.വി.എസ്.ഉണ്ണികൃഷ്ണൻ, ശ്രീ.എച്ച്.ബൈജു, ശ്രീ എം.അബ്ദുൾ ഹക്കിം എന്നിവരെ സൂചന (1) പ്രകാരം പ്രസിദ്ധീകരിച്ച മൂന്നാംഗ്രേഡ് ഓവർസിയർമാരുടെ 01/04/90 മുതൽ 31/12/07 വരെയുള്ള അന്തിമ സീനിയോറിറ്റി ലിസ്റ്റിൽ യഥാക്രമം 179(എ), 216(എ), 277(എ) എന്നീ റാങ്കുകൾ നിശ്ചയിച്ച് ഉൾപ്പെടുത്താൻ ഇതിനാൽ തീരുമാനിക്കുന്നു.

ടി തീരുമാനത്തിൽ പരാതിയോ, ആക്ഷേപമോ ഉള്ള ജീവനക്കാർ, ടിയാർകളുടെ പരാതികൾ ഈ നോട്ടീസ് പ്രസിദ്ധീകരിക്കുന്ന തീയതി തുടങ്ങി രണ്ടാഴ്ചക്കുള്ളിൽ സമർപ്പിക്കേണ്ടതാണ്. സമയബന്ധിതമായി പരാതികൾ ലഭ്യമല്ലാത്തപക്ഷം ടി തീരുമാനം അന്തിമമായി കൈക്കൊള്ളുന്നതാണ്.

ചീഫ്എഞ്ചിനീയർക്കുവേണ്ടി

പകർപ്പ്:- ഐറ്റി സെൽ (ഉദ്യോഗസ്ഥരുടെ അറിവിലേക്കായി ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

Sr